## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 2638 — 11.10.2011 ൽ മറുപടിയ്ക്ക്

ടെണ്ടർ കമ്മിറ്റിയും പരവൂർ വെറ്ററിനറി പോളിക്ലിനിക് നിർമ്മാണവും

**ചോദ്യം**
**ശ്രീ. ജി. എസ്. ജയലാൽ**

**ഉത്തരം**
**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**
**(മരാമത്ത് വകുപ്പ് മന്ത്രി)**

**ചോദ്യം**

എ) പൊതുമരാമത്ത് വകുപ്പിൽ ടെണ്ടർതുകയിൽ അധികരിച്ചു വരുന്ന തുക പരിശോധിച്ച് അംഗീകാരം നൽകുന്നതിന് ടെണ്ടർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ: എങ്കിൽ കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണെന്ന് അറിയിക്കുമോ; പ്രവർത്തികൾക്ക് അംഗീകാരം നൽകുന്നതിന്റെ മാനദണ്ഡം എന്താണ്;

**ഉത്തരം**

എ) പൊതുമരാമത്ത് വകുപ്പിൽ ടെണ്ടർതുകയിൽ അധികരിച്ചു വരുന്ന തുക പരിശോധിച്ച് അംഗീകാരം നൽകുന്നതിന് ടെണ്ടർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഗവൺമെന്റ് സെക്രട്ടറി( പൊതുമരാമത്ത് വകുപ്പ്), സെക്രട്ടറി (ധനകാര്യ വകുപ്പ്) , ചീഫ് എൻജിനിയർ ( ദേശിയ പാത), ചീഫ് എൻജിനീയിർ (നിരത്തുകളും പാലങ്ങളും) ചീഫ് എൻജിനീയിർ (കെട്ടിടവിഭാഗം), അഡീഷണൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് എന്നിവരാണ് പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ. ടെണ്ടർ പാസാക്കുന്നതിന് ചീഫ് എൻജിനീയർമാർക്കുള്ള അധികാര പരിധിയ്ക്ക് മുകളിൽ വരുന്ന ടെണ്ടറുകൾ എല്ലാം തന്നെ ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണ്. പ്രവൃത്തിയുടെ പ്രത്യേക സ്വഭാവത്തിന്റെയും, പ്രവൃത്തി ഏറ്റെടുത്തു നടത്തേണ്ടുന്ന സ്ഥലത്തിന്റെ പ്രത്യേകതയും, കമ്പോള വിലയുമായുള്ള നിർമ്മാണസാമഗ്രികളുടെ വിലയുടെയും അടിസ്ഥാനത്തിൽ ആണ് ടെണ്ടർ കമ്മിറ്റി റേറ്റ് നിശ്ചയിക്കാറുള്ളത്.

| | | | |
|---|---|---|---|
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ടെണ്ടർ കമ്മിറ്റി എത്ര പ്രാവശ്യം യോഗം ചേർന്നിട്ടുണ്ടെന്നും ഏതൊക്കെ നിർമ്മാണപ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും ജില്ല തിരിച്ച് അറിയിക്കുമോ; | ബി) യും സി) യും | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗവൺമെന്റ് ടെണ്ടർ കമ്മിറ്റി 2 പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. പ്രസ്തുത ടെണ്ടർ കമ്മിറ്റികളിൽ അംഗീകാരം നൽകിയ നിർമ്മാണ പ്രവൃത്തികളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) | കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾക്ക് പരമാവധി എത്ര ശതമാനം അധികരിച്ച തുക വരെ അംഗീകാരം നൽകിയിട്ടുണ്ട്; പ്രസ്തുത പ്രവർത്തികൾ ഏതൊക്കെയാണ്; | | |
| ഡി) | ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ വെറ്ററിനറി പോളിക്ലിനിക്ക് നിർമ്മാണത്തിനായി എത്ര പ്രാവശ്യം ടെണ്ടർ നടത്തിയിരുന്നു; വിശദാംശം അറിയിക്കുമോ; | ഡി) | ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ വെറ്ററിനറി പോളിക്ലിനിക്ക് നിർമ്മാണത്തിനായി 9-2-2010 ലും 5-1-2011 ലുമായി രണ്ടു പ്രാവശ്യം സൂപ്രണ്ടിംഗ് എൻജിനീയറുടെ ആഫീസിൽ ടെന്റർ നടത്തിയിരുന്നു. കരാറുകാർ ആരും പങ്കെടുത്തിരുന്നില്ല. തുടർന്ന് ശ്രീ.എൻ.രാജീവ് എന്ന കരാറുകാരനിൽ നിന്നും 23% അധിക നിരക്കിൽ ക്വട്ടേഷൻ സ്വീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഇ) | പ്രസ്തുത പ്രവർത്തിക്ക് അംഗീകാരം നൽകുന്നതിനായി ടെണ്ടർ കമ്മിറ്റിയിൽ വയ്ക്കണമെന്ന് ആവശ്യപ്പെട്ട് എം.എൽ.എ വകുപ്പ് മന്ത്രി മുഖേന കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയ നിവേദനം ലഭിച്ചിരുന്നോ; എങ്കിൽ എന്നാണ് ലഭിച്ചതെന്നും തുടർനടപടിയും അറിയിക്കുമോ; | ഇ) | പ്രസ്തുത പ്രവൃത്തിക്ക് അംഗീകാരം നൽകുന്നതിനായി ടെണ്ടർ കമ്മിറ്റിയിൽ വയ്ക്കണമെന്ന് ആവശ്യപ്പെട്ട് എം.എൽ.എ വകുപ്പ് മന്ത്രി മുഖേന നൽകിയ നിവേദനം കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് 15-7-2011 ൽ ലഭിച്ചിരുന്നു. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| എഫ്) | എം.എൽ.എ മന്ത്രി മുഖേന നൽകിയ നിവേദനം ലഭിച്ച ശേഷം എത്ര ടെണ്ടർ കമ്മിറ്റികൾ കൂടിയിട്ടുണ്ട്; വിശദാംശം അറിയിക്കുമോ; | എഫ്) | പ്രസ്തുത നിവേദനം ലഭിച്ച ശേഷം 17-8-2011 ൽ ഗവൺമെന്റ് ടെണ്ടർ കമ്മിറ്റി കൂടുകയുണ്ടായി. |

ജി) നിയമവിധേയമായി നടക്കേണ്ട നിർമ്മാണപ്രവർത്തനങ്ങൾ ഉദ്യോഗസ്ഥതലത്തിലുള്ള അലംഭാവം കൊണ്ട് മാത്രമാണ് നടക്കാത്തതെന്ന് ബോദ്ധ്യമുണ്ടോ;

എച്ച്) എങ്കിൽ പ്രശ്നപരിഹാരത്തിനായി പോളിക്ലിനിക്കിന്റെ നിർമ്മാണം എത്രയും വേഗം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ജി) യും എച്ചും — പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിഘാതം ഉണ്ടാകുന്നതരത്തിൽ ഉദ്യോഗസ്ഥതലത്തിൽയാതൊരു വിധ അലംഭാവവും ഉണ്ടായതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

([illegible])

സെക്ഷൻ ഓഫീസർ